# 45

# “കർത്താവേ, ഞങ്ങളുടെ കണ്ണു തുറക്കേണമേ!”

## (വെളിപ്പാട് 14:1– 5)

യിസ്രായേലിനെതിരായ തന്റെ എല്ലാ നീക്കങ്ങളും ഏലീശാ പ്രവാചകൻ അറിഞ്ഞതുകൊണ്ട് അരാം രാജാവിന്[1] ഏലിശയോട് നീരസമുണ്ടായി. രാജാവ് അതുകൊണ്ട്, ഏലീശയെ തിരയുവാൻ, “വലിയ സൈന്യത്തേയും, കുതിരകളെയും രഥങ്ങളേയും അയച്ചു.” അങ്ങനെ “അവർ അവനുണ്ടായിരുന്ന നഗരത്തെ രാത്രിയിൽ വളഞ്ഞു” (2 രാജാക്കന്മാർ 6:14). ഏലീശയുടെ ബാല്യക്കാരൻ പിറ്റേദിവസം രാവിലെ പുറത്തിറങ്ങി നോക്കിയപ്പോൾ, നഗരത്തിനു ചുറ്റും സൈന്യവും, കുതിരകളും രഥങ്ങളും കൊണ്ട് വളഞ്ഞിരിക്കുന്നതു കണ്ടു. അവൻ ഓടി വന്ന്, “യജമാനനേ, സൈന്യം നഗരം വളഞ്ഞിരിക്കുന്നു”, “നാം ... എന്തുചെയ്യും? എന്നു ചോദിച്ചു” (വാ. 15).

പ്രവാചകൻ മറുപടി പറഞ്ഞു, “പേടിക്കേണ്ട, നമ്മോടുകൂടെയുള്ളവർ അവരോടുകൂടെയുള്ളവരേക്കാൾ അധികം” (വാ. 16). ബാല്യക്കാരൻ അജ്ഞേയമായ അവസ്ഥയിലായി എന്ന കാര്യത്തിൽ സംശയമില്ല. അവർ രണ്ടു പേർ മാത്രമായിരുന്നു, എന്നാൽ ശത്രുപക്ഷത്തോ നൂറുകണക്കിനുണ്ടായിരുന്നു! പിന്നെ ഏലീശാ പ്രാർത്ഥിച്ചു, “യഹോവേ, ഇവൻ കാണത്തക്കവണ്ണം ഇവന്റെ കണ്ണ് തുറക്കേണമേ എന്നു പറഞ്ഞു,” “യഹോവ ബാല്യക്കാരന്റെ കണ്ണ് തുറന്നു. ഏലീശയുടെ ചുറ്റും അഗ്നിമയമായ കുതിരകളും രഥങ്ങളും കൊണ്ട് നിറഞ്ഞിരിക്കുന്നത് അവൻ കണ്ടു” (വാ. 17).

വെളിപ്പാട് 12 ലും 13 ലും നാം അശുദ്ധ ത്രിത്വത്തെ പരിചയപ്പെടുത്തിയിരുന്നു: സർപ്പം, മൃഗം, കള്ളപ്രവാചകൻ. അവയുടെ ശക്തിയും സ്വാധീനവും ഭയാനകമാണെന്ന്, യോഹന്നാൻ വരച്ചു കാണിച്ചു. “ഭൂമി മുഴുവൻ വിസ്മയിച്ചു മൃഗത്തെ പിൻപറ്റി” എന്നാണ് യോഹന്നാൻ പറഞ്ഞത് (13:3). ജനത്തിന്റെ ജപവും അവൻ രേഖപ്പെടുത്തിയിരിക്കുന്നു: “മൃഗത്തോട് തുല്യൻ ആർ? അതിനോട് പൊരുവാൻ ആർക്ക് കഴിയും?” (വാ. 4). “വിശുദ്ധന്മാരോട് യുദ്ധം ചെയ്തു ജയിക്കുവാനുള്ള” ശക്തി അതിനുണ്ടെന്ന് അവൻ മനസിലാക്കിയിരുന്നു (വാ. 7). ഉപദ്രവിക്കപ്പെട്ട ക്രിസ്ത്യാനികളുടെ കരച്ചൽ കേൾക്കാതെയും ഭൂമിയിൽ അങ്ങിങ്ങായി ചിതറിയ രക്തസാക്ഷികളുടെ രക്തം കാണാതെയും അദ്ധ്യായം 13 വായിക്കുക പ്രയാസമാണ്.

യോഹന്നാന്റെ കാലത്ത് ഞാൻ ജീവിച്ചിരുന്നുവെങ്കിൽ, ഞാൻ ഒരുപക്ഷെ ഏലീശയുടെ ബാല്യക്കാരനെ പോലെ ആയിരിക്കും: ശത്രുവിന്റെ അമിതമായ ഉറവിടങ്ങൾ മാത്രം കാണുവാൻ കഴിയുന്നത്. അപ്പോൾ ഞാൻ കരഞ്ഞു പറയുന്നത് എനിക്ക് ഊഹിക്കാം, “യജമാനനേ! നാം എന്തു ചെയ്യും?” ഏലീശാ തന്റെ ബാല്യക്കാരനു നൽകിയ ഉൾക്കാഴ്ച്ച എനിക്കും വേണ്ടിവരുമായിരുന്നു. “പേടിക്കേണ്ട, നമ്മോടുകൂടെയുള്ളവർ അവരോടുകൂടെ ഉള്ളവരേക്കാൾ അധികം.” യോഹന്നാന്റെ വായനക്കാർക്ക് അതേ കാഴ്ച്ചപ്പാട് നൽകുകയാണ്

അദ്ധ്യായം 14 ന്റെ ഉദ്ദേശം.

അദ്ധ്യായം 14 ലെ സന്ദേശം ഇന്നും ആവശ്യമാണ്. നമുക്ക് ചുറ്റും തിന്മ നിറഞ്ഞിരിക്കുമ്പോൾ, നാം കണ്ണു തുറന്ന് ദൈവം തരുന്ന വിഭവങ്ങൾ നാം കാണണം. "നമ്മോടുകൂടെയുള്ളവർ അവരോടുകൂടെയുള്ളവരേക്കാൾ അധികം" എന്നത് നാം ഇപ്പോഴും മനസിലാക്കണം.

അദ്ധ്യായം 14 സ്വാഭാവികമായും മൂന്നായി തിരിക്കാവുന്നതാണ്,[2] ഓരോ ഭാഗത്തിലും "ഞാൻ കണ്ടു" അല്ലെങ്കിൽ അതിനു തുല്യമായത് പറയുന്നുണ്ട്.[3] താൻ കണ്ടത് തന്റെ വായനക്കാർ അറിയുവാൻ യോഹന്നാൻ ആഗ്രഹിച്ചു. ദൈവത്തിന്റെ ഭണ്ഡാരത്തിൽ തന്റെ ജനത്തിനുള്ളതും - എതിരാളികൾക്കു ള്ളതും കാണുവാൻ അവരുടെ കണ്ണു തുറക്കേണ്ടതുണ്ടെന്ന് യോഹന്നാൻ മന സിലാക്കി. ഈ അവതരണത്തിൽ നാം ആദ്യത്തെ ഭാഗം നോക്കും. അടുത്ത ഭാഗം നാം പിൻവരുന്ന പാഠങ്ങളിൽ പഠിക്കും.[4]

### "തീർച്ചയായ വിജയം കാണുവാൻ കർത്താവേ ഞങ്ങളുടെ കണ്ണ് തുറക്കേണമേ" (14:1)

അദ്ധ്യായം 13-ൽ, ഭൂമിയിലെ മൃഗത്തിന്റെ നിയന്ത്രണത്തിൽ സർപ്പത്തിന് സന്തോഷമുണ്ടായി കാണും. ഭൂമിയിലും, മനുഷ്യന്റെ ഹൃദയങ്ങളിലും ഇരുട്ട് വ്യാപിച്ചു. ഭൂമിയിലെ ജനങ്ങൾ മനസില്ലാത്ത റോബോട്ടുകളെ പോലെ,[5] മൃഗത്തിന്റെ ഓരോ കൽപനയുമനുസരിച്ച് ദേശത്തിലങ്ങോളമിങ്ങോളം ചലി ക്കുവാൻ തുടങ്ങി. ഏങ്ങനെയായാലും, അദ്ധ്യായം 14 ന്റെ ആരംഭത്തിൽ, താഴ്വരകൾക്ക് ചുറ്റുമുള്ള പർവ്വതങ്ങൾക്ക് മുകളിൽ, സൂര്യപ്രകാശം രൂപപ്പെ ട്ടതുപോലെ കാണപ്പെട്ടു. തമസിനു മുകളിൽ കുഞ്ഞാടായിരുന്നു, തന്റെ ജന ത്തോടുകൂടെ വിജയിച്ചു നിൽക്കുന്നു! "പിന്നെ ഞാൻ സിയോൻ മലയിൽ കുഞ്ഞാടും അവനോടുകൂടെ[6] നെറ്റിയിൽ അവന്റെ നാമവും പിതാവിന്റെ നാ മവും എഴുതിയിരിക്കുന്ന നൂറ്റിനാൽപത്തിനാലായിരം പേരും നിൽക്കുന്നതു കണ്ടു" (വാ. 1). "ഈ പാഠത്തിന്റെ അവസാനം വരുന്ന കുഞ്ഞാടും 144,000 പേ രും" എന്ന ചിത്രീകരണം നോക്കുക.)

ഈ രംഗത്തിലെ കഥാപാത്രങ്ങളുടെ ഘടന വെളിപ്പാടിൽ മുൻപ് നാം കാണുകയുണ്ടായി. തീർച്ചയായും, കുഞ്ഞാട് യേശുക്രിസ്തുവാണ്. ഏഴ് മുദ്രകളുള്ള ചുരുൾ തുറപ്പാൻ അവൻ യോഗ്യനാണെന്ന് അദ്ധ്യായം 5-ൽ നാം കണ്ടു. കുഞ്ഞാടിനും സിംഹാസനത്തിനും ചുറ്റും നിന്നു വലിയോരു പു രുഷാരം സ്തുതിഗാനം ആലപിക്കുന്നത് അദ്ധ്യായം 7 ന്റെ അവസാനഭാ ഗത്ത് നാം കണ്ടു. കുഞ്ഞാടിനെ കുറിച്ച്, 6, 12, 13 എന്നീ അദ്ധ്യായങ്ങളിലും പറഞ്ഞിട്ടുണ്ട്.

144,000 പേരെ നാം അദ്ധ്യായം 7 ന്റെ ആരംഭഭാഗത്ത് കണ്ടു, അവർ ദൈവ ജനത്തെയാണ് പ്രതിനിധാനം ചെയ്യുന്നതു എന്നും കണ്ടു.[7] അവരുടെ നെറ്റി യിൽ മുദ്രയിട്ടിരുന്നതിനാൽ, നാശത്തിന്റെ കാറ്റടിക്കുമ്പോൾ, ദൈവം അവരെ സുരക്ഷിതമായി കാത്തുകൊള്ളും എന്നു വെളിപ്പെടുത്തിയിരിക്കുന്നു. 14:1-ൽ, അവർ ജയിച്ച് യേശുവിനോടുകൂടെ സിയോൻ മലയിൽ നിൽക്കുകയായിരു ന്നു. അദ്ധ്യായം 14-ൽ "144,000"[8] ആവർത്തിച്ചിരിക്കുന്നത്, അദ്ധ്യായം 13 ലെ രണ്ട് മൃഗങ്ങൾ എത്ര നാശം അഴിച്ചു വിട്ടാലും, വിശ്വസ്തരായവവരിൽ ഒരാൾ പോലും നഷ്ടപ്പെടാതെ, ദൈവം *എല്ലാ*വരേയും സംരക്ഷിക്കുകയും, അവർ വിജയിച്ച് യേശുവിനോടുകൂടെയായിരിക്കുകയും ചെയ്യും!

അദ്ധ്യായം 7-ൽ 144,000 പേരുടെ നെറ്റിയിലായിരുന്നു *മുദ്രയിട്ടി*രുന്നത്, അദ്ധ്യായം 14-ൽ കുഞ്ഞാടിന്റെ *പേരും* "അവന്റെ പിതാവിന്റെ പേരും അവരുടെ നെറ്റിയിൽ എഴുതപ്പെട്ടിരുന്നതായും" വായിക്കുന്നു (വാ. 1). മുദ്രയും പേരും രണ്ടു കാര്യങ്ങളാണെന്ന് ധരിക്കരുത്, അത് ഒരു കാര്യത്തിന്റെ രണ്ട് വശങ്ങൾ മാത്രമാണ്. മുദ്ര സംരക്ഷണത്തെ ഉറപ്പാക്കുന്നു; പേര് ഉടമസ്ഥാവകാശത്തെ സൂചിപ്പിക്കുന്നു. അദ്ധ്യായം 3-ൽ യേശു "ജയിക്കുന്നവർക്ക്" ഈ വാഗ്ദാനം നൽകിയിരുന്നു: "എന്റെ ദൈവത്തിന്റെ നാമവും എന്റെ നാമവും ... അവരുടെ മേൽ ഞാൻ എഴുതും" (വാ. 12). ആ വാഗ്ദാന നിറവേറൽ അദ്ധ്യായം 14-ൽ സംഭവിക്കുന്നു. ദൈവം ഒരു വാഗ്ദാനം ചെയ്താൽ നിങ്ങൾക്ക് അതിനായി കാത്തിരിക്കാം.

14:1–5 ലെ അഭിനേതാക്കളെ നാം മുൻപ് കണ്ടു, എന്നാൽ രംഗം പുതിയതാണ്: "അവർ സിയോൻ മലയിൽ നിൽക്കുകയായിരുന്നു." നാം വെളിപ്പാടിൽ കൂടെ സഞ്ചരിക്കുമ്പോൾ, പഴയനിയമത്തിൽ പരിചയമുള്ള പ്രത്യേക പ്രാധാന്യമുള്ള പല ആലങ്കാരികതകളും കാണാം. സിനായ് പർവ്വതം പോലെ അർത്ഥം നിറഞ്ഞുനിൽക്കുന്ന മറ്റൊരു വസ്തു പഴയനിയമത്തിൽ ഇല്ലെന്നു പറയാം.

സിയോൻ യെരുശലേമിന്റെ വടക്ക് കിഴക്ക് ആയിരുന്നു സ്ഥിതി ചെയ്തിരുന്നത്, അത് ദാവീദ് യിസ്രായേലിന്റെ[9] രാജാവായപ്പോൾ പിടിച്ചടക്കിയതാണ്. പിന്നീട് ദൈവാലയം പണിയുവാൻ ദാവീദ് തിരഞ്ഞെടുത്ത സ്ഥലവും അതായിരുന്നു. യെഹൂദ മനസിൽ, സിയോൻ പർവ്വതം, ലോകത്തിൽ വെച്ച് ഏറ്റവും വിശുദ്ധ സ്ഥലമായിരുന്നു, ദൈവം തന്റെ ജനത്തെ കണ്ടിരുന്ന സ്ഥലം.[10] പഴയനിയമ എഴുത്തുകളിൽ സിയോൻ പ്രത്യാശയുടെ പ്രതീകമായിരുന്നു. രക്ഷ സിയോനിൽനിന്നു വരും (സങ്കീർത്തനങ്ങൾ 14:7). വീണ്ടെടുപ്പുകാരൻ സിയോനുമായി ബന്ധപ്പെട്ടിരിക്കുന്നു (യെശയ്യാവ് 59:20).[11]

പുതിയനിയമ എഴുത്തുകാർ ആലങ്കാരികത പെറുക്കിയെടുത്തിട്ടുണ്ട്. "വിശുദ്ധ പർവ്വതം" ആയ "സീയോനിൽ" ദൈവം മശിഹയെ കീരീടം ധരിപ്പിക്കുമെന്ന് സങ്കീർത്തനം 2 പറഞ്ഞിരിക്കുന്നു (വാ. 6). പുതിയ നിയമത്തിൽ, യേശുക്രിസ്തു മരിച്ച് ഉയർത്തെഴുന്നേറ്റ് സ്വർഗ്ഗാരോഹണം ചെയ്ത് ദൈവത്തിന്റെ വലത്തു ഭാഗത്തിരിക്കുന്നത് നിറവേറിയതായി സങ്കീർത്തനം 2 ഉദ്ധരിച്ച് പറഞ്ഞിരിക്കുന്നു (പ്രവൃത്തികൾ 13:32–37). അവർ വന്നിരിക്കുന്നത് ഇളകുന്ന സീനായ് മലയിലല്ല എന്ന് എബ്രായ ലേഖകൻ പറഞ്ഞു, എന്നാൽ,

> ... പിന്നെയോ *സീയോൻ പർവ്വതത്തിന്* ജീവനുള്ള ദൈവത്തിന്റെ നഗരമായ സ്വർഗ്ഗീയ യെരുശലേമിനും അനേകായിരം ദൂതന്മാരുടെ സർവ്വസംഘത്തിനും സ്വർഗ്ഗത്തിൽ പേരെഴുതിയിരിക്കുന്ന ആദ്യജാതന്മാരുടെ സഭക്കും എല്ലാവരുടേയും ദൈവമായ ന്യായാധിപതിക്കും സിദ്ധന്മാരായ നീതിമാന്മാരുടെ ആത്മാക്കൾക്കും പുതിയ നിയമത്തിന്റെ മദ്ധ്യസ്ഥനായ യേശുവിന്റെ അടുക്കലത്രേ വന്നിരിക്കുന്നത് (എബ്രായർ 12:22, 23; എംഫസിസ് മൈൻ).[12]

ഈ വേദഭാഗത്ത് "സീയോൻ പർവ്വതം" എന്നത് "സ്വർഗ്ഗീയ യെരുശലേം" എന്നതുമായി ബന്ധപ്പെട്ടിരിക്കുന്നത് ശ്രദ്ധിക്കുക. "സ്വർഗ്ഗത്തിൽനിന്നു ഇറങ്ങിവരുന്ന എന്റെ ദൈവത്തിന്റെ നഗരമായ പുതിയ യെരുശലേം" എന്ന്

യേശു പറഞ്ഞിരിക്കുന്നു (3:12). "വിശുദ്ധ നഗരമായ, പുതിയ യെരുശലേം" അദ്ധ്യായം 21–ൽ നാം വായിക്കും. (വാക്യങ്ങൾ 2 ഉം 10 ഉം നോക്കുക.)

അദ്ധ്യായം 14 ലെ സീയോൻ എന്നത് "ഭൗതീകമായ ഒരു സ്ഥാനമല്ല," പിന്നെയോ "ആത്മിയ യാഥാർത്ഥ്യമാണ്":[13] അത് ദൈവം തന്റെ ജനത്തോട് കൂടെ ആയിരിക്കുന്ന സ്ഥാനമാണ്. അത് ഒരു വിജയ സ്ഥലമായിരുന്നു!

ദർശനത്തിലെ "സീയോൻ പർവ്വതം" ഭൂമിയിലാണോ അതോ സ്വർഗ്ഗത്തിലാണോ എന്ന കാര്യത്തിൽ വ്യഖ്യാതാക്കൾക്ക് ഭിന്നാഭിപ്രായം ഉണ്ടായിരുന്നു.[14] കൂടാതെ, അത് സ്വർഗ്ഗത്തിലാണെങ്കിൽ, യോഹന്നാന്റെ കാലത്തെ വിശ്വസ്തരായ ക്രിസ്ത്യാനികളെ മാത്രം ഉദ്ദേശിച്ചായിരുന്നു.[15] അതോ നിത്യത മുഴുവൻ സ്വർഗ്ഗീയാനുഗ്രഹങ്ങൾ ആസ്വദിക്കുന്ന വിശ്വസ്തരായ *എല്ലാ* ക്രിസ്ത്യാനികളേയും ഉദ്ദേശിച്ചാണോ എന്ന ചോദ്യം അവശേഷിക്കുന്നു. അത് സ്വർഗ്ഗത്തിൽ വീണ്ടെടുക്കപ്പെടുന്ന എല്ലാവരേയും കുറിച്ചുള്ള ദർശനമായിരുന്നു എന്ന് ഞാൻ വിശ്വസിക്കുന്നു. നാം അദ്ധ്യായം 7 പഠിച്ചപ്പോൾ, ആദ്യം ഭൂമിയിൽ രക്ഷിക്കപ്പെട്ട 144,000 പേരെയും പിന്നെ സ്വർഗ്ഗത്തിൽ എണ്ണിക്കൂടാത്ത പുരുഷാരം കുഞ്ഞാടിന്റെയും സിംഹാസനത്തിന്റെയും മുമ്പാകെ കണ്ടു. കുഞ്ഞാടിന്റെയും സിംഹാസനത്തിന്റെയും മുമ്പിൽ കണ്ട 144,000 പേർ, തന്നെയാണ് അടിസ്ഥാനപരമായി അദ്ധ്യായം 7–ൽ കണ്ട എണ്ണിക്കൂടാത്ത വലിയ പുരുഷാരം.[16] എങ്ങനെയായാലും, ആ ദർശനത്തിൽ "എപ്പോൾ" അല്ലെങ്കിൽ "എവിടെ" എന്നതിനല്ല, "എന്ത്" എന്നതിനാണ് പ്രാധാന്യം: 144,000 പേർ വിജയിച്ചവരായിരുന്നു! "മൃഗത്താൽ നിങ്ങൾ തരം താഴ്ത്തപ്പെടരുത്! നിങ്ങൾ വിശ്വസ്തരാണെങ്കിൽ, നിങ്ങൾ ജയിക്കും!" എന്ന് യോഹന്നാന്റെ വായനക്കാരെ പിരിശുദ്ധാത്മാവ് ബോാദ്ധ്യപ്പെടുത്തി.

ഈ വലിയ സത്യത്തിനു നേരെ നാം എപ്പോഴെങ്കിലും കണ്ണടച്ചിട്ടുണ്ടോ?ഞാൻ അങ്ങനെ ചെയ്തിട്ടുണ്ടെന്ന് എനിക്കറിയാം എന്റെ ചില സഹോദരി സഹോദരന്മാരും അപ്രകാരം ആയിരുന്നതായി അറിയാം, മറ്റുള്ളവരും അങ്ങനെ ആയിരുന്നേക്കാം താഴെ കൊടുത്തിരിക്കുന്ന വിധത്തിലുള്ള വേദഭാഗങ്ങൾ നമ്മെ ഓർപ്പിച്ചുകൊണ്ടിരിക്കണം:[17]

> യഹോവേ, മഹത്വവും ശക്തിയും തേജസ്സും യശസ്സും മഹിമയും നിനക്കുള്ളത് ... (1 ദിനവൃത്താന്തം 29:11).
>
> ... ജയമോ യഹോവയുടെ കൈവശത്തിലിരിക്കുന്നു (സദൃശവാക്യങ്ങൾ 21:31).
>
> ... നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം നമുക്കു ജയം നല്കുന്ന ദൈവത്തിനു സ്തോത്രം (1 കൊരിന്ത്യർ 15:57).

"കർത്താവേ, തീർച്ചയുള്ള ജയം കാണുവാൻ ഞങ്ങളുടെ കണ്ണ് തുറക്കേണമേ!"

## "കർത്താവേ, പുകഴ്ച്ചാ മൂല്യത്തിന് ഞങ്ങളുടെ കണ്ണ് തുറക്കേണമേ" (14:2, 3)

144,000 പേർ സിയോൻ മലയിൽ എന്തു ചെയ്യുകയായിരുന്നു? അവർ സഹിച്ച കുഴപ്പങ്ങളെ കുറിച്ച് ഓർക്കുകയായിരുന്നോ? ആരായിരിക്കും കൂടുതൽ കഷ്ടപ്പെട്ടത് എന്നറിയുവാൻ മൽസരിക്കുകയായിരുന്നോ? അല്ല. അവർ വിജയഗാനം ആലപിച്ച് ആഘോഷിക്കുകയായിരുന്നു. യോഹന്നാൻ എഴുതി, "പെരുവെള്ളത്തിന്റെ ഇരെച്ചൽ പോലെയും വലിയോരു ഇടിമുഴക്കം പോലെയും സ്വർഗത്തിൽ നിന്ന് ഒരു ഘോഷം കേട്ടു" (വാ. 2).

ശക്തമായ ഗീതമാണ് യോഹന്നാൻ കേട്ടത്,[18] വളരെ ശക്തമായിരുന്നതു കൊണ്ട്, തിരമാലകൾ ആഞ്ഞടിക്കുന്നതുപോലെയും, ഇടിമുഴക്കം പോലെയും പ്രാവീണ്യമുള്ള വൈണികന്മാർ വീണ മീട്ടുന്നതുപോലെയും മനോഹരമായിരുന്നു അത്. അപ്പോസ്തലൻ വാസ്തവത്തിലുള്ള പെരുവെള്ളമോ, ഇടിമുഴക്കമോ, വീണയോ കണ്ടില്ല. ഗാനത്തിന്റെ മനോഹാരിത വർണ്ണിക്കുവാൻ അവ ഉപയോഗിക്കുക മാത്രമായിരുന്നു ചെയ്തത്.[19] നൂറുകണക്കിന് ആത്മാക്കൾ ഒത്തൊരുമിച്ചു പാടുന്നതിന്റെ ശക്തിയും മനോഹാരിതയും എന്നെ അത്ഭുതപ്പെടുത്തിയിട്ടുണ്ട്. സ്തുതിഗാനത്തിനായി 144,000 പേർ ഒത്തൊരുമിക്കുന്നത് നിങ്ങൾക്ക് ഊഹിക്കുവാൻ കഴിയുന്നുണ്ടോ?

അവതരിപ്പിക്കുന്ന "സദസിൽ" "സിംഹാസനവും ... നാല് ജീവികളും മൂപ്പന്മാരും ഉണ്ടായിരുന്നു"[20] (വാ. 3). നാം അദ്ധ്യായം 4 ലെ സിംഹാസനത്തിലേക്കും പിതാവിന്റെ സാന്നിധ്യത്തിലേക്കും ഒരിക്കൽകൂടെ മടങ്ങി വന്നിരിക്കുകയാണ്.[21]

144,000 പേർ[22] പാടിയത് "ഒരു പുതിയ പാട്ട് ആയിരുന്നു" (വാ. 3). യഹോവയെ സ്തിക്കുന്നതിന് പഴയനിയമത്തിൽ പലപ്പോഴും ഉപയോഗിച്ചിരുന്ന വാക്കാണ് "പുതിയ പാട്ട്" (സങ്കീർത്തനങ്ങൾ 33:3; 96:1; 149:1), പ്രത്യേകിച്ച് വിടുവിച്ചതിനും വിജയിപ്പിച്ചതിനും (സങ്കീർത്തനങ്ങൾ 40:1–3; 144:9–11). ഉദാഹരണത്തിന്, സങ്കീർത്തനങ്ങൾ 98:1 നോക്കുക, അവിടെ ദാവീദ് എഴുതി, "യഹോവക്ക് ഒരു പുതിയ പാട്ട് പാടുവിൻ, അവൻ അത്ഭുതങ്ങളെ പ്രവർത്തിച്ചിരിക്കുന്നു. അവന്റെ വലങ്കൈയ്യും അവന്റെ വിശുദ്ധ ഭുജവും അവന്നു ജയം നേടിയിരിക്കുന്നു ..." ഓരോ പാട്ടും പുതിയതായിരുന്നു, കാരണം ഓരോ വിജയവും പ്രത്യേകതയുള്ളതായിരുന്നു.

നാം അദ്ധ്യായം 5 പഠിച്ചപ്പോൾ, നാല് ജീവികളും ഇരുപത്തി-നാല് മൂപ്പന്മാരും കുഞ്ഞാടിനെ "പുതിയ പാട്ട്" പാടി സ്തുതിച്ചപ്പോൾ, അതിൽ ഈ വാക്കുകൾ ഉൾപ്പെട്ടിരുന്നു: "നീ അറുക്കപ്പെട്ടു, ഗോത്രത്തിലും, ഭാഷയിലും, വംശത്തിലും, ജാതിയിലുമുള്ളവരെ ദൈവത്തിനായി വിലക്കു വാങ്ങി, ഞങ്ങളുടെ ദൈവത്തിന് അവരെ രാജ്യവും പുരോഹിതന്മാരും ആക്കി വെച്ചു, അവർ ഭൂമിയിൽ വാഴുന്നു എന്നോരു പുതിയ പാട്ട് പാടുന്നു ..." (വാ. 9, 10).[23] 144,000 പേരും പാടിയത് അതേ വിഷയം തന്നേ ആയിരിക്കുമെന്ന കാര്യത്തിൽ എനിക്ക് ഒരു സംശയവുമില്ല.[24] അവർ "കുഞ്ഞാടിന്റെ രക്തം മുഖാന്തരമാണ്" വിജയിച്ചത് (12:11)!

അദ്ധ്യായം 14-ൽ പാടിയ "പുതിയ പാട്ടിലെ" വാക്കുകൾ എന്തായിരുന്നു എന്ന് നമ്മോട് പറയുന്നില്ല, എന്നാൽ "നൂറ്റി നാൽപത്തി-നാലായിരം പേർക്കല്ലാതെ ആർക്കും ആ പാട്ട് പഠിപ്പാൻ കഴിഞ്ഞില്ല" *എന്നു* പറഞ്ഞിരിക്കുന്നു. (വാ. 3). വിജയം അനുഭവിച്ചവർക്കല്ലാതെ മറ്റാർക്കും ആ പാട്ട് "പഠിക്കുവാൻ"

കഴിഞ്ഞില്ല. “പ്രകടനത്തിന് മുൻപ് അനുഭവമുണ്ടാകണം”[25] എന്ന് ഡാനിയേൽ റസൽ പറയുകയുണ്ടായി. ആ വിചാരത്തെ മയർ പേൾമാൻ അല്പം വിപുലമാക്കി: “ഒരു സത്യം നാം വാസ്തവത്തിൽ പ്രകടിപ്പിക്കുന്നതിനു ശരിയായ അനുഭവം ഉണ്ടാകണം.”[26]

ചിലപ്പോൾ, പ്രസിദ്ധരായ കലാകാരന്മാർ കുട്ടികൾക്കായി തത്തമ്മ പാട്ടുകൾ അവതരിപ്പിക്കുന്ന സംഗീത പരിപാടിക്ക് ഞാൻ പോകുമായിരുന്നു. അവർ ആദ്യപാട്ടുകാരന്റെ ശബ്ദം അനുകരിച്ച് പാടും. ചിലപ്പോൾ അവരുടെ പ്രസ്ഥാനങ്ങളേയും. ആ പാട്ടുകളിൽ സ്നേഹം, ഹൃദയഭേദകം, നിരാശ നിറഞ്ഞു കവിയുന്നത് ഒക്കെയാണെന്നത് എന്നെ അത്ഭുതപ്പെടുത്തിയിരുന്നു. എനിക്ക് അവരുടെ പരിപാടി ഇഷ്ടമാണ്, പക്ഷെ ആ യുവാക്കൾക്ക് അവർ ചെയ്യുന്നതെന്താണെന്ന് ഒരു ഗ്രാഹ്യവുമില്ല. അവർ വാക്കുകളും രീതികളും പഠിച്ചിരുന്നു, പക്ഷെ അവർ *പാട്ട് പഠിച്ചിരുന്നില്ല*. ആ പാട്ടിൽ പറഞ്ഞിരിക്കുന്ന വാക്കുകൾ *അനുഭവിക്കാതെ* അവർക്ക് അത് പഠിക്കുവാൻ സാധ്യമല്ല.

“ഭൂമിയിൽനിന്നു വിലക്ക് വാങ്ങിയവരായിരുന്നു”[27] 144,000 പേർ (വാ. 3). അവർ യേശുവിന്റെ രക്തത്താൽ രക്ഷിക്കപ്പെട്ടവരായിരുന്നു. വലിയ ഉപദ്രവത്തെ അതിജീവിച്ചവരായിരുന്നു അവർ. അവർ കുഞ്ഞാടിനോടുകൂടെ വിജയിച്ചു നിന്നിരുന്നു. വിജയം എന്താണെന്ന് അവർ *അറിഞ്ഞിരുന്നു*. മറ്റാരും അതറിഞ്ഞില്ല. അതുകൊണ്ട് മറ്റാർക്കും ആ “പുതിയ പാട്ട്” പഠിപ്പാൻ കഴിഞ്ഞില്ല.

2 ഉം 3 ഉം വാക്യങ്ങൾ നാം വിട്ടുപോകുന്നതിന് മുൻപ്, 144,000 പേർ ദൈവത്തെ പാടി സ്തുതിച്ച് വിജയം ആഘോഷിക്കുകയായിരുന്നു എന്ന് മനസിലാക്കുന്നത് പ്രാധാന്യമുള്ള കാര്യമാണ്. ആരാധന സമയം പാഴാക്കലാണെന്ന് ചിലർ വിശ്വസിക്കുന്നു, പക്ഷെ 144,000 പേർ അങ്ങനെ വിചാരിച്ചിരുന്നില്ല. അവരുടെ സ്തോത്രങ്ങൾ പാട്ടുകളായി ദൈവസന്നിധിയിലെത്തി. “ഒരു ക്രേത്യ സ്ത്രീയുടെ [കുഞ്ഞ്] കീഴ്ക്കാന്തൂക്കായ കുന്നിന്റെ വക്കിൽ കയറി നിൽക്കുന്നതു കണ്ട ആ അമ്മ ഒച്ച വെച്ചാൽ [അവൻ] പേടിച്ച് താഴേക്ക് ചാടും എന്നതുകൊണ്ട് അവൾ മധുരമായ ഒരു ഗാനം പാടി കുഞ്ഞിനെ തിരിച്ചു വരുത്തിയതായി”[28] പറയപ്പെട്ടിട്ടുണ്ട്. പുകഴ്ച്ചാ ഗാനങ്ങൾ നമ്മെ സൃഷ്ടിച്ചവന്റെ അടുത്തെത്തിക്കുന്നു. പുകഴ്ത്തൽ നമ്മുടെ ഹൃദയങ്ങളെ ഉയർത്തുകയും നമ്മെ ശക്തീകരിക്കുകയും ചെയ്യും.

“കർത്താവേ, പുകഴ്ച്ചാമൂല്യത്തിനു ഞങ്ങളുടെ ഹൃദയങ്ങൾ തുറക്കേണമേ.”

## “കർത്താവേ, സ്വഭാവ പ്രാധാന്യത്തിന് ഞങ്ങളുടെ കണ്ണ് തുറക്കേണമേ”

**(14:4, 5)**

ഒരിക്കൽ കോളേജിൽ വെച്ചുള്ള ഒരു പാട്ടിന് ശബ്ദപരിശോധനക്കായി ഞാൻ പോയിരുന്നു. കയ്യിൽ പാട്ടു ഷീറ്റുകളുമായി വിദ്യാർത്ഥികൾ വന്നു. ചിലർ അവരുടെ പക്കമേളക്കാരോടുകൂടെയാണ് വന്നിരിക്കുന്നത്. ഓരോരുത്തരും തങ്ങളുടെ ശ്രവണശക്തി പരിശോധനക്ക് വിളിക്കപ്പെടുന്നതിനു മുമ്പ് കുറച്ച് പരിശീലനം നടത്തുവാൻ വെവ്വേറെ സ്ഥാനങ്ങളിൽ ഇരിപ്പുറപ്പിച്ചു. അവസാനം പാട്ടിന് തിരഞ്ഞെടുത്തത്, സംഗീതത്തെ കുറിച്ച് അറിവുള്ളവരെയും പാടുവാനുള്ള താലന്തുള്ളവരേയും മാത്രമാണ്. അദ്ധ്യായം 14 ലെ

സംഗീതത്തെ കുറിച്ച്, എങ്ങനെയായാലും, ചോദ്യം "നിങ്ങൾക്ക് പാടുവാൻ കഴിയുമോ?" എന്നോ "ഔപചാരിക സംഗീതത്തിൽ നിങ്ങൾക്ക് എത്രമാത്രം പരിശീലനം ലഭിച്ചിട്ടുണ്ട്?" എന്നോ ആയിരുന്നില്ല, പിന്നെയോ, "നിങ്ങൾ ഏതു തരത്തിലുള്ള വ്യക്തിയാണ്?" യോഹന്നാൻ പറഞ്ഞു,

> അവർ കന്യകമാരാകയാൽ, സ്ത്രീകളോടുകൂടെ മാലിന്യപ്പെടാത്തവർ. കുഞ്ഞാട് പോകുന്നേടത്തൊക്കെയും, അവർ അവനെ അനുഗമിക്കുന്നു. അവരെ ദൈവത്തിനും കുഞ്ഞാടിനും ആദ്യഫലമായി മനുഷ്യരുടെ ഇടയിൽനിന്നു വീണ്ടെടുത്തിരിക്കുന്നു. ഭോഷ്ക്ക് അവരുടെ വായിൽ ഉണ്ടായിരുന്നില്ല. അവർ കളങ്കമില്ലാത്തവർ തന്നേ (വാ. 4, 5).

ചിലർ 144,000 എന്നത് അക്ഷരിക സംഖ്യയാക്കി[29] എടുക്കുവാൻ ശ്രമിച്ചിട്ടുണ്ട്. 144,000 പേർ ആത്മിയമായി ഉയർന്നവരാണ്, അവർ മാത്രമേ സ്വർഗത്തിൽ പോകുകയുള്ളു എന്നാണ് അവർ കരുതുന്നത്. ശേഷമുള്ളവർ, നവീകരിച്ച ഭൂമിയിൽ തന്നെ തൃപ്തിയടയണം എന്നും അവർ പറയുന്നു. "144,000" എന്നത് അക്ഷരികമായി എടുക്കുകയാണെങ്കിൽ, ശേഷമുള്ള സംഖ്യകളും സ്ഥിരതക്കായി അക്ഷരികമായി എടുക്കേണ്ടതാണ്. അദ്ധ്യായം 7 അനുസരിച്ച്, 144,000 പേരെല്ലാവരും യെഹൂദന്മാരായിരുന്നു, അദ്ധ്യായം 14 ലേക്ക് വരുമ്പോൾ, 144,000 പേരെല്ലാവരും ലൈംഗികബന്ധം പുലർത്താത്ത പുരുഷന്മാരായിരുന്നു: 144,000 യെഹൂദരായ പുരുഷകന്യകമാർ! അത്തരം യോഗ്യത നോക്കുകയാണെങ്കിൽ, എനിക്കറിയാവുന്ന എല്ലാവരേയും – സംഖ്യ അക്ഷരികമായി എടുക്കണം എന്നു പറയുന്ന കൂട്ടരേയും അടക്കം മാറ്റി നിർത്തണം.

അമാനുഷ–വിശുദ്ധന്മാരെ വിവരിക്കുകയല്ല വാക്യം 4 ന്റേയും 5 ന്റേയും ഉദ്ദേശം. മറിച്ച്, മൃഗത്തെ ജയിക്കുവാനുള്ള സ്വഭാവം വ്യക്തമാക്കുകയാണ് അവയുടെ ഉദ്ദേശം.

### വിശ്വസ്തർ

ആ വാക്കുകളിൽ പ്രകടിപ്പിച്ചതായ ആദ്യ യോഗ്യത: "അവർ കന്യകമാരാകയാൽ, മാലിന്യപ്പെടാത്തവർ" (വാ. 4). മൂലഗ്രന്ഥമായ ഗ്രീക്കിൽ, ആ വാചകത്തിലെ അവസാനഭാഗം വായിക്കുന്നത്, "അവർ കന്യകമാരാകയാൽ" എന്നാണ് (കെജെവി നോക്കുക).

അതിശയകരമായി, നിരവധി വ്യാഖ്യാതാക്കൾ യോഹന്നാന്റെ വാക്കുകൾ അക്ഷരികമായി എടുത്ത്, യോഹന്നാൻ വിവാഹം കഴിച്ച അവസ്ഥയെക്കാൾ ബ്രഹ്മചര്യമാണ് ദൈവഭക്തിക്ക് യോജിച്ചത് എന്ന് പറഞ്ഞിരിക്കുന്നു.[30] ആ വിശ്വാസം പിന്നീട് വന്നതാണ്.[31] പക്ഷെ അത് ആരംഭസഭയിൽ നിലവിലില്ലായിരുന്നു. ബൈബിളിൽ ആരംഭം മുതൽ അവസാനം വരെ, വിവാഹം വിശുദ്ധവും അനുഗ്രഹിക്കപ്പെട്ടതുമാണെന്ന് പറഞ്ഞിരിക്കുന്നു. ആദാം ഏകനായിരുന്നപ്പോൾ, ദൈവം പറഞ്ഞു, "മനുഷ്യൻ ഏകനായിരിക്കുന്നത് നന്നല്ല; ഞാൻ അവന് തക്കതായ ഒരു തുണയെ കൊടുക്കും" (ഉല്പത്തി 2:18). യേശുവിന് സഭയോടുള്ള ബന്ധം മണവാളന് മണവാട്ടിയോടുള്ളതാണെന്ന് പൗലോസ് പറഞ്ഞു (എഫേസ്യർ 5:22–33).[32] കർത്താവിന്റെ സഭയിൽ അദ്ധ്യക്ഷന്മാർ വിവാഹിതരായ പുരുഷന്മാർ ആയിരിക്കണം (1 തിമൊഥെയോസ് 3:2; തീത്തൊസ് 1:6).[33] എബ്രായ ലേഖകൻ പറഞ്ഞു, "വിവാഹം എല്ലാവർക്കും

മാന്യമായിരിക്കട്ടെ" (എബ്രായർ 13:4).[34]

സന്ദർഭം നോക്കിയാൽ, വാക്യം നാലിലെ ആരംഭ വാക്കുകൾ *ആത്മീയ* ശുദ്ധിയെയാണ് സൂചിപ്പിക്കുന്നത്. പഴയ നിയമത്തിൽ, യിസ്രായേലിനെ ദൈവത്തിന്റെ മണവാട്ടിയായും,[35] അവരുടെ ഭാഗത്തെ അവിശ്വസ്തതയെ വ്യഭിചാരം എന്നും വിളിച്ചിരിക്കുന്നു (യിരമ്യാവ് 3:6; ഹോശേയാ 4:12 നോക്കുക.). അതേ ഭാവനയാണ് പുതിയ നിയമത്തിൽ സഭക്ക് ഉപയോഗിച്ചിരിക്കുന്നത്. സഭയിലെ അംഗങ്ങളോട് പൗലോസ് പറഞ്ഞു, "നിങ്ങളെക്കുറിച്ച് ദൈവത്തിന്റെ എരിവോട് എരിയുന്നു, ഞാൻ ക്രിസ്തു എന്ന ഏക പുരുഷന് നിങ്ങളെ നിർമ്മല കന്യകയായി ഏല്പ്പിപ്പാൻ വീവാഹ നിശ്ചയം ചെയ്തിരിക്കുന്നു" (2 കൊരിന്ത്യർ 11:2).[36] അവിശ്വസ്തരായ ക്രിസ്ത്യാനികൾ "വ്യഭിചാരിണികൾ" എന്നാണ് യാക്കോബ് പറഞ്ഞത് (യാക്കൊബ് 4:4). നാം ഇപ്പോൾ പഠിച്ചുകൊണ്ടിരിക്കുന്ന അദ്ധ്യായത്തിൽ പിശാചിന് വശംവദരാകുന്നത്, "അധാർമ്മികത" ആണെന്ന് പറഞ്ഞിരിക്കുന്നു (വെളിപ്പാട് 14:8).[37]

സഭയെക്കുറിച്ച് പറയുമ്പോൾ, സാധാരണ സ്ത്രീലിംഗത്തിൽ ആണ് *പുരുഷന്മാരെ* 14:4-ൽ പറഞ്ഞിരിക്കുന്നത് എന്നതിനാൽ ചില എഴുത്തുകാർ സംശയിച്ചിട്ടുണ്ട് (എഫേസ്യലേഖനത്തിലും 1 കൊരിന്ത്യർക്കെഴുതിയ ലേഖനത്തിലും ക്രിസ്തുവിന്റെ മണവാട്ടിഎന്ന് പറഞ്ഞിരിക്കുന്നു; വെളിപ്പാട് 12-ൽ സ്ത്രീ എന്നാണ്).[38] അതിനുള്ള ഉത്തരം വാക്യം 8-ൽ കാണാം, അത് മഹതിയാം ബാബിലോൺ അത്രേ. അദ്ധ്യായം 17-ൽ ബാബിലോണിനെ ചിത്രീകരിച്ചിരിക്കുന്നത്, ഒരു വ്യഭിചാരിണി സ്ത്രീയായിട്ടാണ് - ഒരു വേശ്യയുടെ ജീവിതോദ്ദേശം *പുരുഷന്മാരെ* ആകർഷിക്കുക എന്നതാണ്. 144,000 പേർ വേശ്യയുടെ ക്ഷണം നിരസിച്ചതായി വെളിപ്പാട് 14:4 ഊന്നിപ്പറയുന്നു. വ്യക്തമായി പറഞ്ഞാൽ, അവർ കൈസറുടെ ബിംബത്തിനുമുന്നിൽ മുട്ടുകുത്തിയില്ല. അവർ കർത്താവിൽ സത്യസന്ധത പുലർത്തി ജീവിച്ചു!

ഒരു നിമിഷം മുമ്പ്, വാക്യം 4 *പ്രാഥമികമായി* ആത്മിയ ശുദ്ധിയെ കുറിച്ചാണ് സൂചിപ്പിച്ചത് എന്ന് ഞാൻ പറഞ്ഞുവല്ലോ. അന്യദേവന്മാരെ നമസ്കരിക്കുന്നതുമായ ബന്ധത്തിൽ അധാർമികതയെ പരിഗണിച്ച്കൊണ്ട് ഒരു ക്രിസ്ത്യാനി ചക്രവർത്തി ആരാധന നടത്തിയാൽ അവൻ ആത്മീയ വ്യഭിചാരം ചെയ്യുന്നു, അവൻ ഒരു പക്ഷെ ശാരീരികമായ വ്യഭിചാരവും ചെയ്തേക്കാം.[39] *എല്ലാ* നിലയിലും കർത്താവിനോട് വിശ്വസ്തത നിലനിർത്തിയവരാണ് വിജയം കൈവരിക്കുന്നതെന്ന് വാക്യം 4 ഊന്നിപ്പറയുന്നു. "ഹൃദയശുദ്ധിയുള്ളവർ [ജീവിതത്തിലും] ദൈവത്തെക്കാണും." (മത്തായി 5:8 നോക്കുക.)

**അനുയായികൾ**

വിജയം കൈവരിക്കുവാൻ ഒരു നിഷേധ യോഗ്യതകൂടെ വേണമെന്ന് വാക്യം 4 ന്റെ ആദ്യഭാഗം പറയുന്നു: 144,000 പേർ ചില പരിശീലനങ്ങളിൽ നിന്ന് വിട്ടുനിന്ന്. വാക്യത്തിന്റെ അടുത്ത ഭാഗം ക്രിയാത്മകമായ ഒരാവശ്യത്തേയും എടുത്ത് കാണിക്കുന്നു: "അവർ കുഞ്ഞാട് എവിടെ പോയാലും അവനെ അനുഗമിച്ച്കൊണ്ടിരിക്കുന്നു" (വാ. 4).

പുരാതന എഫെസോസ് സന്ദർശിക്കുവാൻ ഞാൻ പോയപ്പോൾ, ഞങ്ങളുടെ സന്ദർശകസംഘത്തെ, ആ പട്ടണത്തിൽ സ്ഥിതിചെയ്തിരുന്ന വ്യഭിചാര ആസ്ഥാന കെട്ടിടത്തിന്റെ അവശിഷ്ടങ്ങൾ കാണിക്കയുണ്ടായി. ഒരു നൂറു വാര അകലെ, ഒരു വ്യഭിചാരകൃത്യം ചെയ്തിരുന്ന വേശ്യയുടെ കാൽപാടു

കൾ മാർബിളിൽ റോഡിൽ കൊത്തിവച്ച്, അവരുടെ വ്യാപാര സ്ഥലത്തേക്ക് വഴികാണിച്ചിരുന്നു. കാൽപ്പാടുകൾക്ക് പുറമേ, "എന്നെ അനുഗമിക്ക" എന്ന വാക്കുകളും കല്ലിൽ കൊത്തിവെച്ചിരുന്നു. 14:4 ന്റെ ആദ്യഭാഗം പറയുന്നത് വിജയിച്ചവർ, "മഹാവേശ്യയെ" നമസ്കരി*ച്ചില്ല* (17:1); അവർ യേശുവിനെ അനുഗമിച്ചു *എന്നാണ്* നമ്മളോട് ഇപ്പോൾ പറയുന്നത്.

ഇതിനേക്കാൾ വലിയ ഒരു വെല്ലുവിളി യേശു നൽകിയിട്ടില്ല: "എന്നെ അനുഗമിക്ക."[40] യേശുവിനെ അനുഗമിക്കുന്നതിൽ പഴയതെല്ലാം ഉപേക്ഷിച്ച്, യേശുവിന് പ്രഥമ സ്ഥാനം നല്കുന്നതും ഉൾപ്പെട്ടിരിക്കുന്നു. യേശു ഇപ്പോഴും പറയുന്നു "ഒരുത്തൻ എന്നെ അനുഗമിക്കാൻ ഇച്ഛിച്ചാൽ, തന്നെത്താൻ ത്യജിച്ച് എന്നെ അനുഗമിക്കട്ടെ" (മർക്കൊസ് 8:34; വാ. 35–37). 144,000 പേർ ആ വെല്ലുവിളി സ്വീകരിക്കയും അവൻ *എവിടപ്പോയോ* അവിടെയെല്ലാം അവനെ അനുഗമിക്കയും ചെയ്തു – കഷ്ടതയിലും, മരണത്തിൽപോലും.

ഇവിടെ ഒരു തടസ്സം ഞാൻ പ്രതീക്ഷിക്കുന്നു: "തീർച്ചയായും കർത്താവ് നമ്മിൽനിന്നു അത്തരത്തിലുള്ള ഒരു സമർപ്പണം പ്രതീക്ഷിക്കുന്നില്ല." ഉണ്ടോ? പത്രോസ് എഴുതി, "അതിന്നായിട്ടല്ലോ നിങ്ങളെ വിളിച്ചിരിക്കുന്നത്. ക്രിസ്തുവും നിങ്ങൾക്കുവേണ്ടി *കഷ്ടം* അനുഭവിച്ചു, നിങ്ങൾ അവന്റെ കാൽചുവട് പിന്തുടരുവാൻ ഒരു മാതൃക വിട്ടേച്ചു പോയിരിക്കുന്നു." (1 പത്രൊസ് 2:21; എംഫസിസ് മൈൻ).

> ബെൽജിയൻ കോംകോയിൽ വെച്ച് ഒരു മിഷൻ പ്രവർത്തനത്തിൽ പരിവർത്തനം ചെയ്ത ആൾ പ്രാർത്ഥിച്ചു, "കർത്താവായ യേശുവേ, നീ സൂചിയും ഞാൻ ഒരു [നൂലുമാണ്]." ആ മിഷിണറിക്ക് ഇത് ഒരു അസാധാരണ ഭാഷയായി തോന്നി, അത് കൊണ്ട് അദ്ദേഹം ആ വാക്കുകളുടെ അർത്ഥം എന്തെന്ന് ചോദിച്ചു. അന്ന് അയാൾ ആ പ്രദേശത്തുള്ള മിഷൻ സ്കൂളിലെ പെൺകുട്ടികൾ തയ്ക്കുന്നത് കണ്ടിരുന്നു. അയാൾക്ക് താൽപര്യം തോന്നിയതെന്തെന്നാൽ നൂൽ എപ്പോഴും സൂചിയെ അനുഗമിച്ചുകൊണ്ടിരിക്കുന്നതാണ്. അതുപോലെ യേശു എവിടേക്ക് തന്നെ നയിക്കുമോ, അവിടേക്ക് പോകുവാൻ അയാൾ ആഗ്രഹിച്ചു.[41]

നിങ്ങളും ഞാനും യേശു എവിടേക്ക് നയിക്കുന്നുവോ അവിടേക്ക് പോകേണ്ടവരാണ്. 144,000 പേർ മരണത്തിൽ പോലും കുഞ്ഞാടിനെ അനുഗമിക്കുവാൻ തയ്യാറായി. അവരെ അവനോട് കൂടെ സീനായ് മലയിൽ വിജയവേദിയിലേക്ക്[42] അനുഗമിക്കുവാൻ അനുവദിച്ചിരുന്നു!

### ആദ്യഫലം

144,000 പേർ കുഞ്ഞാടിനെ "മരണത്തിന്റെ കൂരിരുൾ താഴ്വരയിലും" (സങ്കീർത്തനങ്ങൾ 23:4) അനുഗമിച്ചു, എന്നാൽ തങ്ങളുടെ വിജയത്തിന് അവർ ബഹുമതി എടുത്തിരുന്നില്ല. തങ്ങളെ "ദൈവത്തിനും കുഞ്ഞാടിനും മനുഷ്യർക്കിടയിൽ നിന്ന് വിലക്കു വാങ്ങി" എന്ന് തിരിച്ചറിഞ്ഞിരുന്നു (വാ. 4) – യേശുവിന്റെ രക്തത്താൽ വീണ്ടെടുത്ത് വിലക്കു വാങ്ങുകയും ചെയ്തിരുന്നു (പ്രവൃത്തികൾ 20:28; 1 കൊരിന്ത്യർ 6:19, 20; എഫേസ്യർ 1:7; 1 പത്രൊസ് 1:18,19).

"ആദ്യഫലം" എന്ന പ്രയോഗത്തിന് പ്രത്യേക അർത്ഥം ഉണ്ടെന്ന് പഴയനിമം പഠിച്ചവർക്ക് അറിയാം. ആരംഭത്തിൽ, വിളവെടുപ്പിൽ ആദ്യം ലഭിക്കുന്നത്

ദൈവത്തിന് യാഗമായി കൊണ്ടുവരുന്നതിനെയാണ് പറയുന്നത്. അതിനുള്ള ആദ്യത്തെ വ്യക്തമായ വാക്യമാണ് പുറപ്പാട് 23:19: "ഭൂമിയുടെ ആദ്യ വിളവിന്റെ പ്രഥമ ഫലം നിന്റെ ദൈവമായ യഹോവയുടെ ആലയത്തിൽ കൊണ്ടു വരേണം." എങ്ങനെയായാലും കാലം പോയപ്പോൾ പലപ്പോഴും വിളവെടുപ്പിന്റെ ഭാഗമായി തിരഞ്ഞെടുക്കുന്നതിന് ഉപയോഗിക്കാൻ തുടങ്ങി.[43] ഈ അർത്ഥത്തിൽ, യിസ്രായേലിലെ വിശ്വസ്തരായവരേയും (യിരമ്യാവ് 2:3) വിശ്വസ്തരായ ക്രിസ്ത്യാനികളേയും ഉദ്ദേശിച്ച് പറഞ്ഞിരിക്കുന്നു (യാക്കൊബ് 1:18). റോമാ സാമ്രാജ്യം ക്രിസ്ത്യാനികളെ പ്രയോജന രഹിതമായവരെക്കാൾ മോശമായിട്ടായിരുന്നു കണക്കാക്കിയിരുന്നത്, എന്നാൽ ദൈവം അവരെ വളരെ നല്ലവരും, ഏറ്റവും നല്ലവരും ആയി കണക്കാക്കിയിരുന്നു!

**കുറ്റമില്ലാത്ത**

നിങ്ങളുടെ ജീവിതം 144,000 പേരുടേതുമായി താരതമ്യം ചെയ്താൽ തോന്നുന്ന അപര്യാപ്തതകൾ നിങ്ങളെ ഞെട്ടിക്കും. അങ്ങനെയെങ്കിൽ അവസാനം പറയുന്ന യോഗ്യത നിങ്ങളെ കൂടുതൽ അമ്പരപ്പിക്കും: "ഭോഷ്ക്ക് അവരുടെ വായിൽ ഉണ്ടായിരുന്നില്ല, അവർ കളങ്കമില്ലാത്തവർ തന്നെ" (വാ. 5) എൻഎഎസ്ബിയിൽ "കുറ്റമില്ലാത്ത," എന്നാണ്, കെജെവിയിൽ "തെറ്റില്ലാത്ത"; ആർഎസ്വിയിൽ "കറയില്ലാത്തവർ"; സിഇവിയിൽ "നിഷ്ക്കളങ്കർ," എന്നാണ്. "അവരുടെ വായിൽ ... ഭോഷ്ക്കില്ലായിരുന്നു"? "കളങ്കമില്ലാത്ത," "തെറ്റില്ലാത്ത," "കറയില്ലാത്ത," "നിഷ്ക്കളങ്കർ"? നമ്മൾ ഇതിൽ പരീക്ഷിക്കപ്പെട്ടേക്കാം, "നമുക്ക് അത് പറയുവാൻ പോലും ന്യായമില്ല, കാരണം നാം ഒരിക്കലും പൂർണ്ണരാകുകയില്ല!"

"കുറ്റമില്ലാത്ത" എന്നാൽ "പൂർണ്ണത" അല്ലെങ്കിൽ "പാപം ഇല്ലാത്ത" എന്ന അർത്ഥമല്ല. യോഹന്നാൻ തന്നെ പറഞ്ഞു, "നമുക്കു പാപം ഇല്ലായെന്ന് നാം പറയുന്നു എങ്കിൽ നാം നമ്മെത്തന്നെ വഞ്ചിക്കുന്നു, സത്യം നമ്മിൽ ഇല്ലാതെപോയി" (1 യോഹന്നാൻ 1:8). ദൈവസന്നിധിയിൽ നാം "കുറ്റമില്ലാത്തവർ" ആകുന്നത് യേശുവിന്റെ രക്തം മുഖാന്തിരമാണ്, അത് നമ്മുടെ പാപങ്ങളെ കഴുകികളയുന്നു (1 യോഹന്നാൻ 1:7). പൗലോസ് കൊലോസ്യയിലെ ക്രിസ്ത്യാനികളോട് പറയുന്നു, "അവന്റെ മുമ്പിൽ നിങ്ങളെ വിശുദ്ധരും നിഷ്ക്കളങ്കരും കുറ്റമില്ലാത്തവരുമായി നിർത്തേണ്ടത്തിന് അവൻ ഇപ്പോൾ തന്റെ ജഡശരീരത്തിൽ തന്റെ മരണത്താൽ നിരപ്പിച്ചു" (കൊലോസ്യർ 1:22).

എങ്ങനെയായാലും, ആ വാക്ക് നമ്മെ ഏറ്റവും നന്നായി തീരുവാൻ പ്രേരിപ്പിക്കുന്നത് തന്നെയാണ്. ഒരു യാഗത്തിന് ഉപയോഗിക്കുവാൻ പറഞ്ഞിരിക്കുന്നതിനെ സൂചിപ്പിക്കുന്നതാണ് ഗ്രീക്കിൽ നിന്ന് തർജ്ജിമ ചെയ്ത "കുറ്റമില്ലാത്ത" എന്നവാക്ക്[44] (ലേവ്യാപുസ്തകം 22:20 നോക്കുക). പൗലോസ് നമുക്കോരോരുത്തർക്കും ഒരു വെല്ലുവിളി നൽകുന്നു,

> സഹോദരന്മാരെ, ഞാൻ ദൈവത്തിന്റെ മനസ്സലിവ് ഓർപ്പിച്ച് നിങ്ങളെ പ്രബോധിപ്പിക്കുന്നത്, നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ. ഈ ലോകത്തിന് അനുരൂപമാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്ന് തിരിച്ചറിയേണ്ടതിന് മനസ് പുതുക്കി രൂപാന്തരപ്പെടുവിൻ ... (റോമർ 12:1, 2).

144,000 പേരെക്കുറിച്ച് പറഞ്ഞിരിക്കുന്നത് അവർ നിഷ്ക്കളങ്കരായിരിക്കുന്നു എന്നും "അവരുടെ വായിൽ ഭോഷ്ക്കില്ലായിരുന്നു," എന്നുമാണ്. സത്യത്തിനു യേശു എപ്പോഴും വില മതിച്ചിരുന്നു (സങ്കീർത്തനങ്ങൾ 32:2; യെശയ്യാവ് 53:9; സെഫന്യാവ് 3:13; 1 പത്രോസ് 2:22; വെളിപ്പാട് 22:15), എന്നാൽ യോഹന്നാന്റെ കാലത്ത് ഒഴികഴിവില്ലാതെ ഭോഷ്ക്ക് പറയുവാൻ പരീക്ഷിക്കപ്പെട്ടിരിക്കണം: ഒരു ക്രിസ്ത്യാനിയോട്, കൈസറിനെ "കർത്താവേ," എന്ന് വിളിക്കുവാൻ ആവശ്യപ്പെട്ടാൽ ന്യായമായും ചോദിച്ചേക്കാം, "തീർച്ചായായും, ഞാൻ മരിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നില്ല. എന്നെ ആശ്രയിക്കുന്ന എന്റെ ഭാര്യയും മക്കളുമുണ്ട്. ഈ റോമൻ അധികാരികളെ വഞ്ചിച്ചാലും, എനിക്ക് ക്രിസ്ത്യാനിയായി ജീവിക്കാം, ആരാധിക്കാം, ക്രിസ്ത്യാനിയായി അവനെ സേവിക്കയും ചെയ്യാം. *തീർച്ചയായും*, ഞാൻ മരിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നില്ല." അത്തരം പരീക്ഷണങ്ങൾ നിമിത്തമാകാം ഒരുപക്ഷെ പരിശുദ്ധാത്മാവ് ഇങ്ങനെ അറിയിച്ചത്, "ഭീരുക്കൾ, അവിശ്വാസികൾ ... *ഭോഷ്ക്ക് പറയുന്ന ഏവർക്കും* ഉള്ള ഓഹരി തീയും ഗന്ധകവും കത്തുന്ന പൊയ്കയിലത്രേ. ഇത് രണ്ടാമത്തെ മരണം" (21:8; എംഫസിസ് മൈൻ).[45] ഭോഷ്ക്ക് പറയുന്ന നാവിന് ഒരിക്കലും വിജയഗാനം ആലപിക്കുവാൻ ആവില്ല!

രക്ഷിക്കപ്പെട്ടവരുടെ സ്വഭാവത്തെയാണ് വാക്യങ്ങൾ 4 ഉം 5 ഉം വെളിപ്പെടുത്തുന്നത്; നാം ഏത് തരം ക്രിസ്ത്യാനികളായി തീരണം എന്നാണ് അവൻ നമ്മോട് പറയുന്നത്. ആ വാക്യങ്ങൾ നിങ്ങളെ നിരുത്സാഹപ്പെടുത്തുകയില്ല എന്ന് ഞാൻ കരുതുന്നു, പക്ഷെ ആ വെല്ലുവിളി നിങ്ങളെ ഒരു നല്ല വ്യക്തിയാക്കുവാനാണ്.

> ലണ്ടനിലെ ബ്രിട്ടീഷ് മ്യൂസിയത്തിൽ അപ്പോളൊയുടെ ഒരു പ്രതിമയുണ്ട് എല്ലാവർക്കും മനോഹാരിത തോന്നിക്കുന്ന ഒരു ദൃശ്യമാണ് അപ്പോളയുടേത്. അവിടെ പോകുന്ന ആളുകളെല്ലാം ആ പ്രതിമയിലേക്ക് നോക്കുന്നു ... . അവിടെ പോകുന്നവർ ആ കാഴ്ച്ചകണ്ട് നടന്നകലുന്നത് പ്രവേശിച്ചതിനേക്കാൾ ഉയർന്ന രീതിയിലാണ്. നാം ആകേണ്ടതുപോലെ ആകേണ്ടതിന്, മുഖാ-മുഖ-മായി കാണേണ്ടിയിരിക്കാം, അപ്പോൾ നാം മുമ്പത്തെക്കാൾ ഉയർന്നവരായിപ്പോകും.[46]

"കർത്താവേ സ്വഭാവത്തിന്റെ പ്രാധാന്യത്തിന് ഞങ്ങളുടെ കണ്ണ് തുറക്കേണമേ."

## ഉപസംഹാരം

"ഞാൻ കണ്ടു," അല്ലെങ്കിൽ "നോക്കി" എന്നാണ് അദ്ധ്യായം 14 ലെ മൂന്നു ഭാഗങ്ങൾ ഓരോന്നും ആരംഭിക്കുന്നത് എന്നു ഞാൻ പറഞ്ഞുവല്ലൊ. ആ അദ്ധ്യായം ഞാൻ പഠിച്ചപ്പോൾ, എനിക്ക് മനസിലായത്, യോഹന്നാൻ ദർശനം *കണ്ടപ്പോൾ*, അവൻ *മുകളിലേക്കു* നോക്കിയിരുന്നു എന്നാണ്.[47] ആദ്യഭാഗത്ത്, അവന് സിയോൻ മലയുടെ മുകളിലേക്ക് നോക്കേണ്ടിവന്നു (വാ. 1). രണ്ടാമത്തെ ഭാഗത്ത്, മൂന്നു ദൂതന്മാർ പ്രഖ്യാപിക്കുന്നതു കേൾക്കുവാൻ അവൻ ആകാശത്തിലേക്ക് നോക്കി (വാ. 6). മൂന്നാമത്തെ ഭാഗത്ത്, മേഘാരൂഢനായ യേശുവിനെ കാണുവാൻ അവൻ മുകളിലേക്ക് നോക്കി (വാ. 14). ഇവിടെ നമുക്ക് ഒരു പാഠം ഉണ്ടായിരിക്കാം: നമുക്ക് ചുറ്റും സംഭവവികാസങ്ങൾ നിറ

ഞ്ഞുകവിയുന്നതു കാണുമ്പോൾ, ഉയരത്തിൽ സംഭവിക്കുന്നതു കാണുവാൻ നാം മുകളിലേക്ക് നോക്കണം. സങ്കീർത്തനക്കാരൻ എഴുതി:

> ഞാൻ എന്റെ കണ്ണ് പർവ്വതങ്ങളിലേക്ക് ഉയർത്തുന്നു, എനിക്ക് സഹായം എവിടെനിന്നു വരും? എന്റെ സഹായം ആകാശത്തെയും ഭൂമിയേയും ഉണ്ടാക്കിയ യഹോവയിങ്കൽനിന്നു വരുന്നു; നിന്റെ കാൽ വഴുതുവാൻ അവൻ സമ്മതിക്കയില്ല ...
>
> യഹോവ നിന്റെ പരിപാലകൻ, യഹോവ നിന്റെ വലത്തുഭാഗത്ത് നിനക്ക് തണൽ; പകൽ സൂര്യനെങ്കിലും രാത്രി ചന്ദ്രനെങ്കിലും നിന്നെ ബാധിക്കുകയില്ല, യഹോവ ഒരു ദോഷവും തട്ടാതവണ്ണം നിന്നെ പരിപാലിക്കും; അവൻ നിന്റെ പ്രാണനെ പരിപാലിക്കും. യഹോവ നിന്റെ ഗമനത്തെയും ആഗമനത്തെയും ഇന്നുമുതൽ എന്നേക്കും പരിപാലിക്കും (സങ്കീർത്തനങ്ങൾ 121:1–8).

ആരോ പറഞ്ഞു, "ബാഹ്യമായ നോട്ടം മോശമാകുമ്പോൾ, മുകളിലേക്കു നോക്കുക."

"കർത്താവേ, ക്രിയാത്മക മനോഭാവത്തിന് ഞങ്ങളുടെ കണ്ണു തുറക്കേണമേ!"[48]

---

**പ്രാസംഗികന്മാർക്കും ഉപദേഷ്ടാക്കന്മാർക്കുമുള്ള കുറിപ്പുകൾ**

അദ്ധ്യായം 13 ഉം 14 ഉം നിങ്ങൾ താരതമ്മ്യം ചെയ്യുകയാണെങ്കിൽ, പല അന്തരങ്ങൾ നിങ്ങൾക്ക് കാണാം: രണ്ട് മൃഗങ്ങൾ സമുദ്രത്തിൽനിന്നും ഭൂമിയിൽനിന്നും കയറി വന്നു; കുഞ്ഞാട് പർവ്വതമുകളിലായിരുന്നു. വ്യാജ കുഞ്ഞാടിനാൽ പുരുഷാരം വഞ്ചിക്കപ്പെട്ടിരുന്നു; 144,000 പേരാണ് വാസ്തവത്തിലുള്ള കുഞ്ഞാടിനെ അനുഗമിച്ചത്. പുരുഷാരത്തിന്റെ നെറ്റിയിൽ മുദ്രയുണ്ടായിരുന്നു; രക്ഷിക്കപ്പെട്ടവരുടേയും നെറ്റിയിൽ പേരാണുണ്ടായിരുന്നതു. "മൃഗത്തെ പോലെ ആരുള്ളു?" എന്ന് പുരുഷാരം കീർത്തനം പാടി; വീണ്ടെടുക്കപ്പെട്ടവർ ഒരു പുതിയ പാട്ട് പാടി. അദ്ധ്യായം മുഴുവൻ നിങ്ങൾക്ക് ഈ അന്തരം കാണാം; അടുത്ത രണ്ട് പാഠങ്ങളിൽ കൂടുതൽ അന്തരം കാണാം. ഉദാഹരണത്തിന്, മൃഗത്തെ അനുഗമിച്ചവർക്ക് ഭദ്രത വാഗ്ദാനം ചെയ്തിരുന്നു, പക്ഷെ *വാസ്തവത്തിൽ* സുരക്ഷിതരായത് കുഞ്ഞാടിനെ അനുഗമിച്ചവരാണ്. ആ അന്തരങ്ങളെ കുറിച്ച് നിങ്ങൾക്ക് വേണമെങ്കിൽ ഒരു ചാർട്ട് തയ്യാറാക്കാം.

ഈ പാഠത്തിന് വേറെയും തലവാചകങ്ങൾ ഉപയോഗിക്കാം, ഉദാഹരണത്തിന്, "ഒരു പുതിയ പാട്ട്," "ശേഷം സംഭവങ്ങൾ" അല്ലെങ്കിൽ "ചിത്രത്തിന്റെ മറുവശം." ഡബ്ലിയു. ബി. വെസ്റ്റ്, "മേശകൾ മറിഞ്ഞു," എന്നിട്ടു. റൂബേൽ ഷെല്ലി പേരിട്ടത്, "ജയിക്കുന്ന കുഞ്ഞാട്" "മോർ ദാൻ കോൺകറേഴ്സ്" എന്നാണ് (റോമർ 8:37; കെജെവി) അതു ശരിയാണെന്ന് തോന്നുന്നു. ആൽബർട്ട് ബാൽഡിഞ്ചർ വാക്കുകളെക്കൊണ്ട് അമ്മാനമാടുന്നു: "ആൻ ഓൾഡ് സോങ്ങ്" (മറ്റൊരു വാക്കിൽ പറഞ്ഞാൽ പഴയതാണ്, പക്ഷെ പുതിയ പാട്ട്). 144,000 പേരുടെ നെറ്റിയിൽ പേരുണ്ടായിരുന്നതുകൊണ്ട് ആ ഭാഗത്തെ വില്യം ബാർക്ലേ വിളിച്ചത്, "പിതാവിനുള്ളവർ" എന്നാണ്. നിങ്ങളുടെ പ്രദേശത്തിനു യോജിക്കുമെങ്കിൽ, "പുതുക്കുന്ന നിർത്തൽ" എന്ന് കൊടുക്കാം.

അദ്ധ്യായം 14 ന്റെ ആദ്യത്തെ അഞ്ചു വാക്യങ്ങളെ ചാൾസ് റിയറി ഇങ്ങനെ ഭാഗിച്ചിരിക്കുന്നു: സാഹചര്യം (വാ. 1). പാട്ട് (വാ. 2, 3) വേർപാട് (വാ. 4) രക്ഷ (വാ. 4) ശുദ്ധീകരണം (വാ. 5) മയർ പേൾമാൻ അതേ വാക്കുകൾ ഉപയോഗിച്ച്, രക്ഷിക്കപ്പെട്ടവർ, സുരക്ഷിതരും, പാട്ടു പാടുന്നവരും, ശുദ്ധീകരിക്കപ്പെട്ടവരുമാകുന്നു എന്ന് പറഞ്ഞിരിക്കുന്നു.

അദ്ധ്യായം 14 ലെ എല്ലാം ചേർത്തു സിംഹാസനത്തിന്റെ ഭാഗത്തെ മൂന്നു പോയിന്റുകളായി പഠിക്കാവുന്നതാണ്. "വോയ്സസ് ഓഫ് വിക്ടറി" എന്നാണ് വാരെൻ വിയേഴ്സ്ബേ വിളിച്ചത്. "വോയ്സസ്" എന്നതു ഉപയോഗിച്ചുകൊണ്, നിങ്ങൾക്ക്, "വോയ്സസ് ഓഫ് പ്രെയ്സ്" (വാ. 1-5), "വോയ്സസ് ഓഫ് വാണിങ്ങ്" (വാ. 6-13), "വോയ്സസ് ഓഫ് ജഡ്ജ്മെന്റ്" (വാ. 14-20).

അദ്ധ്യായത്തെ ഏഴ് ഭാഗങ്ങളായും തിരിക്കാം: (1) വാ. 1-5; (2) വാ. 6, 7; (3) വാ. 8; (4) വാ. 9-11; (5) വാ. 12, 13; (6) വാ. 14-16; (7) വാ. 17-20. ആ ഭാഗത്തെ "മനുഷ്യപുത്രന്റെ ഏഴ് ദർശനങ്ങൾ" എന്നാണ് ഫ്രാങ്ക് പാക്ക് വിളിച്ചത്.

---

കുറിപ്പുകൾ

[1]കെജെവിയിലും ആർഎസ്വിയിലും മറ്റു പല തർജിമകളിലും "സിറിയ" എന്നാണ് (2 രാജാക്കന്മാർ 6:11). സിറിയ അല്ലെങ്കിൽ അരാം പാലസ്തീനിന്റെ വടക്കായി സ്ഥിതി ചെയ്തിരുന്നു. [2]ചിലർ അദ്ധ്യായം 14 നെ ഏഴായി തിരിച്ചിരിക്കുന്നു. [3]"ഞാൻ കണ്ടു" എന്ന അർത്ഥം വരുന്ന ഒരേ ഗ്രീക്ക് വാക്കാണ്, മൂല ഗ്രന്ഥത്തിൽ ഉപയോഗിച്ചിരിക്കുന്നത്. എൻഏഎസ്ബിയിൽ വാക്യം 1 ലും 14 ലും"ഞാൻ നോക്കി" എന്നാണ്, പക്ഷെ വാക്യം 6-ൽ "ഞാൻ കണ്ടു" എന്നാണ്. [4]ഈ പുസ്തകത്തിൽ തന്നെയുള്ള "മദ്ധ്യാ-കാശ പ്രസംഗപീഠം," "വിളവെടുപ്പ് കാലം" എന്നീ പാഠങ്ങൾ നോക്കുക. [5]ചിത്രദർശിതമായ പ്രയോഗം "സോമ്പിയ-പോലെയുള്ള ഡിവോട്ടീസ്" എന്ന പ്രയോഗം മനസിലാകുന്ന ഏതൊരു സദസിലും ഉപയോഗിക്കാം (ജിം മെക്ഗ്വിഗിൻ, ദ ബുക്ക് ഓഫ് റെവെലേഷൻ, ലുക്കിങ് ഇൻടു ദ ബൈബിൾ സീരീസ് [ലബ്ബക്ക്, ടെക്സ്.: ഇന്റർനാഷ്ണൽ ബിബ്ളിക്കൽ റിസോഴ്സസ്, 1976], 214). [6]ദർശനത്തിൽ തുടർന്നു വരുന്ന അതിശയത്തെ വ്യക്തമാക്കുന്നതാണ് വാക്യം 1 ലേയും 14 ലേയും "ആന്റ് ബിഹോൾഡ്" എന്നീ വാക്കുകൾ. [7]*വെളിപ്പാട്, 2* എന്ന പുസ്തകത്തിലെ "കൊടുങ്കാറ്റിനു മദ്ധ്യ - യുള്ള ശാന്തത" എന്ന പാഠം നോക്കുക. [8]"144,000" ത്തിന്റെ ആലങ്കാരിക അർത്ഥത്തിന്, *വെളിപ്പാട്, 1* എന്ന പുസ്തകത്തിലെ, "ഇവിടെ ഇതാ, സർപ്പം" എന്ന പാഠവും, *വെളിപ്പാട്, 2* എന്ന പുസ്തകത്തിലെ "കൊടുങ്കാറ്റിന്റെ മദ്ധ്യേ ശാന്തത" എന്ന പാഠവും നോക്കുക. [9]2 ശമുവേൽ 5:6-10; 1 രാജാക്കന്മാർ 8:1; 1 ദിനവൃത്താന്തം 11:5 നോക്കുക. ക്രമേണ "സിയോനും" "യെരുശലേമും" പര്യായ പദങ്ങളായിട്ടാണ് ഉപയോഗിച്ചിരിക്കുന്നത് (2 രാജാക്കന്മാർ 19:21, 31; യെശയ്യാവ് 2:3). "സിയോൻ" "ദാവീദിന്റെ നഗരമായിരുന്നു" (1 രാജാക്കന്മാർ 8:1; 2 ദിനവൃത്താന്തം 5:2). [10]യെഹൂദന്മാർ സിയോനെ എങ്ങനെ കണക്കാക്കിയിരുന്നു എന്നറിയുവാൻ, ഒരു കൺകോഡൻസിലെ "സിയോൻ" എന്ന വാക്ക് നോക്കുക. പ്രത്യേകിച്ച്, ആ വാക്ക് സങ്കീർത്തനങ്ങളിലും പ്രവാചകപുസ്തകങ്ങളിലുമുള്ളത് നോക്കുക. ഉദാഹരണത്തിന്, സങ്കീർത്തനങ്ങൾ 9:11; 48:2, 3; 76:2; 87:2; 125:1; 132:13 നോക്കുക.

[11]"സീയോനെ" കുറിച്ച് പ്രവാചകന്മാർ വേറെ ഉപയോഗിച്ചിരിക്കുന്നത് യെശയ്യാവ് 2:2-4; 40:9; യോവേൽ 2:32; മീഖാ 4:2; സെഖര്യാവ് 8:1-3. [12]ആ വേദഭാഗം

ദൈവരാജ്യത്തെ കുറിച്ചാണ് സംസാരിക്കുന്നത്, അതിൽ രണ്ട് വശങ്ങളാണുള്ളത്: ഭൗമികവശവും, നാം പൊതുവിൽ പറയുന്ന സ്വർഗം എന്ന സ്വർഗീയ വശവുമുണ്ട്. ആ രാജ്യത്തിലെ പൗരന്മാരെ കുറിച്ച് വേദഭാഗത്തിലെ അവസാന ഭാഗത്ത് വിശദീകരിക്കുന്നുണ്ട്, അതിൽ ദൂതന്മാരും മനുഷ്യരും ഉൾപ്പെടുന്നു. ചിലർ അപ്പോഴും ഭൂമിയിലായിരുന്നു, ചിലർ മരിച്ചുകഴിഞ്ഞിരുന്നു. [13]മൈക്കൽ വിൽക്കോക്ക്, ഐ സാ ഹെവെൻ ഓപ്പെൻഡ്: ദ മെസേജ് ഓഫ് റെവെലേഷൻ, ദ ബൈബിൾ സ്പീക്സ് ടുഡേ സീരീസ് (ഡൗണേഴ്സ് ഗ്രോവ്, Ill.: ഇന്റർവാഴ്സിറ്റി പ്രസ്, 1975), 132. പല ആയിരമാണ്ട് വാഴ്ച്ചക്കാരും കരുതുന്നത് സീയോനിലാണ് "ഭൂമിയിലെ ആയിരാമാണ്ട് വാഴ്ച്ച നടക്കുന്നത് എന്നാണ്, ... പക്ഷെ രംഗം മുഴുവൻ സ്വർഗീയ സിംഹാസനത്തിനു മുമ്പിലുള്ള പുകഴ്ച്ചയാണ്." (റോബർട്ട് മൗൺസ്, ദ ബുക്ക് ഓഫ് റെവെലേഷൻ, ദ ന്യൂ ഇന്റർനാഷ്ണൽ കമെന്ററി ഓൺ ദ ന്യൂടെസ്റ്റമെന്റ് സീരീസ് [ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1977,] 267). [14]പിന്നീട് വെളിപ്പാടിൽ നടക്കുവാനിരിക്കുന്ന "യുദ്ധത്തിന്" "സൈന്യത്തെ ചേർക്കുന്നതാണ്" സീയോൻ പർവ്വത രംഗം എന്നാണ് ചില വ്യാഖ്യാതാക്കൾ കരുതുന്നത്. [15]സഭയിൽനിന്നും തിരഞ്ഞെടുത്ത "ഒരു-സംഘമാണ്" 144,000 പേർ എന്നു കരുതുന്ന വ്യാഖ്യാതാക്കളുണ്ട്. പലരും വിചാരിക്കുന്നത് അവർ രക്തസാക്ഷികളായിരുന്നു എന്നാണ്. എങ്ങനെയായാലും, രക്തസാക്ഷികൾ ദൈവസന്നിധിയിൽ, മറ്റു വിശ്വസ്തരായിരുന്നവരേക്കാൾ ഉയർന്നവരാണെന്ന് സൂചിപ്പിക്കുന്നില്ല. ആ 144,000 പേർ തങ്ങളുടെ വിശ്വാസത്തിനായി, വേണ്ടി വന്നാൽ മരിക്കുവാനും *തയ്യാറായിരുന്നു* എന്നു പറയുന്നതാവും ശരി. [16]മറ്റു വാദങ്ങളുമുണ്ട്: "അവർ ഭൂമിയിൽനിന്നു വിലയ്ക്കു വാങ്ങിയവരാണ്" (14:3); അവർ "ജയിച്ചവർക്കുള്ള" പ്രതിഫലം വാങ്ങിയവരാണ്; തുടങ്ങിയവയാണ്. [17]കൂടാതെ, 1 കൊരിന്ത്യർ 15:54; 1 യോഹന്നാൻ 5:4 ഉം നോക്കുക. [18]"ശബ്ദം" എന്നതു ഏകവചനമാണ്; എന്നാൽ വാക്യം 3 ലെ "അവർ" എന്നത് സൂചിപ്പിക്കുന്നത് സ്പഷ്ടമായും പാട്ടിനെയാണ്. യാദൃശ്ചികമായി "ശബ്ദം" എന്നത് തർജിമ ചെയ്തത് ഗ്രീക്കു വാക്കായ *ഫോൺ* എന്നതിൽനിന്നാണ് (ഉച്ചാരണം "ഫോ-നെ" എന്നാണ്) ശബ്ദം എന്നതിന്റെ പൊതുവായ വാക്ക്. ("ടെലഫോൺ," "മൈക്രൊഫോൺ" എന്നീ വാക്കുകളാൽ നമുക്ക് ആ ഗ്രീക്ക് വാക്ക് തിരിച്ചറിയാം.) [19]*വെളിപ്പാട്, 2* എന്ന പുസ്തകത്തിലെ, "കുഞ്ഞാടാണ് യോഗ്യൻ" എന്ന പാഠത്തിലെ വീണ എന്നതിന്റെ ആലങ്കാരിക അർത്ഥം കുറിപ്പുകളിൽ നോക്കുക. [20]നാം അദ്ധ്യായം 4 പഠിച്ചപ്പോൾ, മൂപ്പന്മാർ വിജയിച്ച ക്രിസ്ത്യാനികളെയാകാം സൂചിപ്പിക്കുന്നത് എന്ന് കണ്ടു. 144,000 പേരും വിജയിച്ച ക്രിസ്ത്യാനികളായതുകൊണ്ട്, അദ്ധ്യായം 14 വ്യാഖ്യാനിക്കുന്നതിൽ ചില പ്രശ്നങ്ങൾ നേരിട്ടേക്കാം. ഈ കാഴ്ച്ചപ്പാട് പരിഗണിക്കുക: "24 മൂപ്പന്മാരും 144,000 പേരുടെ മുമ്പിൽ പാടിയവരും സഭയല്ലേ? തീർച്ചയായും. ഓരോ സംഖ്യക്കും അതിന്റേതായ പോയിന്റുണ്ട്. സ്ത്രീയും നഗരവും സഭയല്ലേ? വിവാഹിതയായ സ്ത്രീയും വിവാഹനിശ്ചയം കഴിഞ്ഞ കന്യകയുമോ?" (മെക്ഗ്വിഗിൻ, 217). നാം അദ്ധ്യായം 12 പഠിച്ചപ്പോൾ, സ്ത്രീയും അവളുടെ സന്തതിയും സഭയെ പ്രതിനിധീകരിക്കുന്നതായി കണ്ടു. അതുകൊണ്ട്, മൂപ്പന്മാരും, 144,000 പേരും (മെക്ഗ്വിഗിൻ പറഞ്ഞതുപോലെ) ഒരേ കാര്യം രണ്ടു വിധത്തിൽ നോക്കുന്നതാണ്.

[21]പർവ്വത ദർശനവും സിംഹാസന ദർശനവും എങ്ങനെ കൃത്യമായി യോജിക്കുന്നു എന്ന് നമ്മോട് പറഞ്ഞിട്ടില്ല. ഞാൻ ഊഹിക്കുന്നത് സ്വർഗത്തെ കുറിച്ച് മറ്റൊരു രീതിയിൽ പറയുന്നതാണ് സിയോൻ പർവ്വതം, അവിടെയാണ് ദൈവസിംഹാസനം. എങ്ങനെയായാലും, ചിലർ സിംഹാസനത്തിലേക്ക് നോക്കുമ്പോൾ, പർവ്വതത്തിലാണ് 144,000 പേരെ കാണുന്നത്. [22]"ശബ്ദം" ദൂതന്മാരുടേതാണെന്നും,

അവരാണ് 144,000 പേരെ "പുതിയ പാട്ട്" പഠിപ്പിച്ചതെന്നുമാണ് ചിലർ *വിശ്വസിക്കുന്നത്.* ആ സ്വർഗീയ ഗായഗസംഘം 144,000 പേരാണ് എന്നതാണ് നിസാരമായ വ്യാഖ്യാനം. ആദ്യവിജയം കൈവരിച്ചവർ അവരാണ്. [23]*വെളിപ്പാട്, 2* എന്ന പുസ്തകത്തിലെ, "കുഞ്ഞാടാണ് യോഗ്യൻ" എന്ന പാഠത്തിലെ "പുതിയ പാട്ട്" എന്നതിനെ കുറിച്ചുള്ള പരാമർശം നോക്കുക. [24]144,000 പേർ പാടിയ "പുതിയ പാട്ടിന്റെ" മറ്റൊരു സൂചനക്ക്, അടുത്ത അദ്ധ്യായം 15:2-4 നോക്കുക. [25]ഡാനിയേൽ റസൽ, *പ്രീച്ചിങ്ങ് ദ അപോകാലിപ്സ്* (ന്യുയോർക്ക്.: ദ അബിങ്ടൺ പ്രസ്, 1935), 185. [26]മയർ പേൾമാൻ, *വിൻഡോസ് ഇൻടു ദ ഫ്യൂച്ചർ: ഡിവോഷ്ണൽ സ്റ്റഡീസ് ഇൻ ദ ബുക്ക് ഓഫ് റെവലേഷൻ* (സ്പ്രിങ്ങ്ഫീൽഡ്, മോ: ഗോസ്പെൽ പബ്ലിഷിങ്ങ് ഹൗസ്, 1941), 127. [27]"ഭൂമിയിൽനിന്ന് അവരെ വിലയ്ക്ക് വാങ്ങി" എന്ന പ്രയോഗത്തിനർത്ഥം ഒന്നുകിൽ അവരുടെ ഭൂമിയിലെ വാസം കഴിഞ്ഞു, അല്ലെങ്കിൽ അവരെ ക്രിസ്തുവിന്റെ രക്തത്താൽ വാങ്ങി ലോകത്തിൽനിന്നു വേർപെടുത്തി (യോഹന്നാൻ 17:16). [28]പേൾമാൻ, 127. [29]യഹോവസാക്ഷിക്കാർ പറയുന്നത് 144,000 എന്നത് അക്ഷരികമായി എടുക്കണം എന്നാണ്, ആരംഭത്തിൽ 144,000 പേർ മാത്രമെ സ്വർഗത്തിൽ പോകയുള്ളു എന്ന് ശബത്തുകാർ പഠിപ്പിച്ചിരുന്നു, പക്ഷെ, അവരുടെ അംഗസംഖ്യ അതിൽനിന്നുയർന്നപ്പോൾ അവർ അങ്ങനെ ഉപദേശിക്കുന്നത്, നിർത്തി എന്നാണ് അറിയുവാൻ കഴിഞ്ഞത്. [30]ആ വ്യാഖ്യാതാക്കൾ എല്ലാവരും കത്തോലിക്കരല്ല, ചിലർ പ്രൊട്ടസ്റ്റന്റുകാരാണ്. ചില "ഉദാര" സമീപനക്കാർ വിചാരിക്കുന്നത്, യോഹന്നാൻ അങ്ങനെ പറഞ്ഞിലെന്തോ കുഴപ്പമുണ്ട് എന്നാണ്, പക്ഷെ ആ ഭാഗത്ത് അവൻ ബ്രഹ്മചര്യത്തിന്റെ ആവശ്യകത പഠിപ്പിക്കുന്നു എന്നാണവർ പറയുന്നത്.

[31]ഇത് പൗലൊസ് മുന്നറിയിച്ചിരുന്നതാണ് (1 തിമൊഥെയോസ് 4:3). അതിന്റെ നിറവേറലായിരുന്നു സന്യാസമഠവും കന്യാസ്ത്രീ മഠവും സ്ഥാപിച്ചു തുടങ്ങിയത്. [32]"ഇപ്പോഴത്തെ കഷ്ടത നിമിത്തം ... മനുഷ്യൻ അങ്ങനെ തന്നെ ഇരിക്കുന്നത് നന്ന് എന്ന് പൗലൊസ് എഴുതിയിരുന്നു" (1 കൊരിന്ത്യർ 7:26) - അതായത് അവിവാഹിതരായിരിക്കുന്നത് (1 കൊരിന്ത്യർ 7:1 നോക്കുക). എങ്ങനെയായാലും, അത് ഒരു പ്രത്യേക സാഹചര്യത്തിലെ, പ്രത്യേക നിർദ്ദേശമായിരുന്നു, അല്ലാതെ വിവാഹത്തെ ഖണ്ഡിക്കുന്നതായിരുന്നില്ല. [33]സഭയിലെ ആദ്യ അദ്ധ്യക്ഷന്മാരായ, അപ്പൊസ്തലന്മാർ വിവാഹിതരായിരുന്നു (മർക്കൊസ് 1:30; 1 കൊരിന്ത്യർ 9:5). [34]എന്റെ കാര്യം അമിതമായി പറയുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. വിവാഹം കഴിച്ച അവസ്ഥയേക്കാൾ കൂടുതൽ വിശുദ്ധമായിരിക്കയില്ല ഏകനായിരിക്കുമ്പോൾ. അതുപോലെ തന്നെ വിവാഹം കഴിച്ച അവസ്ഥയും ഏകനായിരിക്കുന്നതിനേക്കാൾ അധികം വിശുദ്ധമായിരിക്കയില്ല. അവിവാഹിതരായവർക്ക് കർത്താവിനെ പ്രത്യേകമായി സേവിക്കുവാൻ കഴിയും. (മത്തായി 19:10-12 നോക്കുക.) [35]*വെളിപ്പാട്, 3* എന്ന പുസ്തകത്തിലെ, "നിങ്ങളുടെ ശത്രുവിനെ അറിക" എന്ന പാഠത്തിലെ ഗർഭിണിയായ സ്ത്രിയെ കുറിച്ചുള്ള പരാമർശം നോക്കുക. [36]കൂടാതെ, ക്രിസ്ത്യാനികൾ ക്രിസ്തുവിന് വിവാഹനിശ്ചയം ചെയ്തിരിക്കുന്നവരാണ് എന്നു പറയുന്ന എഫെസ്യർ 5:25-27; റോമർ 7:4 നോക്കുക. [37]എൻഎഎസ്ബിയിൽ "ഇമ്മോറാലിറ്റി" എന്നാണ്, എന്നാൽ ഗ്രീക്ക് പുസ്തകത്തിൽ, *പോർനെയാ* എന്നാണ്, അത് "ഫോർണിക്കേഷൻ" എന്ന വാക്കിനുള്ളതാണ് (കെജെവി നോക്കുക). വിഗ്രഹാരാധന പരസംഗമാണെന്ന് വെളിപ്പാടിൽ സൂചിപ്പിക്കുന്ന വേദഭാഗത്തിന് നോക്കുക, 17:2, 4; 18:3, 9; 19:2. [38]കർത്താവിന്റെ സൈന്യത്തെ സൂചിപ്പിച്ച 14:1-5 പഴയനിയമകാലത്ത് യുദ്ധത്തിനു മുൻപ് ഭടന്മാർ ഉപേക്ഷിച്ചിരുന്ന ചില കാര്യങ്ങളെ ഓർപ്പിക്കുന്നതായി കരുതുന്നു. (ആവർത്തനപുസ്തകം 23:9, 10 നോക്കുക.) ഇവിടെ ഉപയോഗിച്ച ഭാവനയുടെ പശ്ചാത്തലം അതാണെന്ന് അവർ വിശ്വസിക്കു

ന്നു. [39]*വെളിപ്പാട്, 1* എന്ന പുസ്തകത്തിലെ, "ധനികമായിരുന്ന ദരിദ്ര സഭ" എന്ന പാഠത്തിലെ കുറിപ്പുകൾ നോക്കുക. [40]മർക്കൊസ് 2:14; 10:21; ലൂക്കൊസ് 9:59; യോഹന്നാൻ 1:43; 21:19–22 നോക്കുക.

[41]ഡേവിഡ് എഫ്. ബർഗസ് കോമ്പ്., *എൻസൈക്ലോപീഡിയ ഓഫ് സെർമൺ ഇല്ലസ്ട്രേഷൻസ്* (സെന്റ്. ലൂയിസ്, മോ.: കൺകോഡിയ പബ്ലിഷിങ്ങ് ഹൗസ്, 1988), 80. ശരിയായ പ്രയോഗം "ഐയാം ദ കോട്ടൻ" എന്നാണ്, പല രാജ്യങ്ങളിലും, "നൂലിന്" "കോട്ടൻ" എന്നു പറയും. നിങ്ങളുടെ പ്രദേശത്തെ ആളുകൾക്ക് മനസിലാകുന്ന വാക്ക് ഉപയോഗിക്കുക. [42]വിജയവേദി ഞാൻ വിപുലമാക്കിയില്ല, കാരണം അത് ലോകമെങ്ങും മനസിലാകണമെന്നില്ല. എങ്ങനെയായാലും, ആവശ്യമെങ്കിൽ, നിങ്ങൾക്ക്, 14:1–5 ലുള്ള രംഗത്തെ ഒരു കായിക പ്രതിഭ സ്വർണ്ണമെഡൽ കഴുത്തിലിട്ട്, ദേശീയ ഗാനം ആലപിക്കുമ്പോൾ, വേദിയിൽ നിൽക്കുന്നതിനോട് ഉപമിക്കാം. [43]എല്ലാ ക്രിസ്ത്യാനികളെയും പ്രതിനിധീകരിക്കുന്നതല്ല 144,000 പേർ എന്നതിന്റെ തെളിവായി ചിലർ "ആദ്യഫലം" എന്ന പ്രയോഗത്തെ എടുക്കുന്നു, അത് സഭയുടെ ആദ്യ നൂറ്റാണ്ടിൽ ജീവിച്ച് മരിച്ചവരാണ് എന്നത്രെ അവരുടെ വാദം. ഈ വ്യാഖ്യാനം ശരിയായിരിക്കയില്ല, കാരണം "ആദ്യഫലം" എന്ന പ്രയോഗത്തിന്റെ അർത്ഥം വേറെയാണ് (റോമർ 16:5 നോക്കുക; കെജെവി; 1 കൊരിന്ത്യർ 15:23; 16:15). എങ്ങനെയായാലും, "ഒരു ലേഖകൻ ചൂണ്ടിക്കാട്ടി, 'ആദ്യഫലം' എന്നത് ഗ്രീക്കിൽനിന്ന് തർജിമ ചെയ്തതിന്റെ അർത്ഥം വിളെവെടുപ്പിലെ ആദ്യഫലം ദൈവത്തിന് നേർച്ചയായി കഴിച്ച് ബാക്കി ലൗകിക ആവശ്യങ്ങൾക്ക് ഉപയോഗിക്കാമെന്നതാണെങ്കിലും, അത് LXX - ൽ [സെപ്റ്റ്വജിന്റ്, പഴയനിയമ ഗ്രീക്ക് തർജിമ] ഉള്ളതിലധികമായി തീർന്നിട്ടുണ്ട്" (മൗൺസ്, 271). [44]വെളിപ്പാട് 14:5-ൽ ഗ്രീക്ക് വാക്ക് തർജിമ ചെയ്ത വാക്ക് 1 പത്രൊസ് 1:19-ൽ തർജിമ ചെയ്തിരിക്കുന്നത് "കുറ്റമില്ലാത്ത" എന്നാണ്. [45]കൂടാതെ 21:27 നോക്കുക. [46]മെക്ഗ്വിഗിൻ, 217. [47]*വെളിപ്പാട്, 2* എന്ന പുസ്തകത്തിലെ "കാര്യങ്ങൾ കാഴ്ച്ചപ്പാടിലാക്കുക" എന്ന പാഠത്തിലെ ആദ്യത്തെ മുഖ്യ പോയിന്റ് നോക്കുക. [48]നിങ്ങൾ ഇത് ഒരു പ്രസംഗമായി ഉപയോഗിക്കുകയാണെങ്കിൽ, കർത്താവിനോട് നിരപ്പു പ്രാപിക്കുവാൻ അവനിൽ ആശ്രയിക്കണമെന്ന് ഊന്നി പറയുക. വേണമെങ്കിൽ വെളിപ്പാട്, 2 എന്ന പുസ്തകത്തിലെ "കൊടുങ്കാറ്റിനു മദ്ധ്യേ ശാന്തത" എന്ന പാഠത്തിലെ, 144,000 പേരെ കുറിച്ചുള്ള പഠനങ്ങൾ ആവർത്തിക്കാം. ഒരാൾ കർത്താവിന്റെ സഭയിലെ വിശ്വസ്തമായ അംഗമാണെങ്കിൽ, അയാൾ ആ 144,000 പേരിൽ ഉൾപ്പെട്ടിരിക്കും.

---

## ചർച്ചക്കും പുനരവലോകനത്തിനുമുള്ള ചോദ്യങ്ങൾ

1. 2 രാജാക്കന്മാർ 6 ലെ ഏലീശാ പ്രവാചകന്റെ ബാല്യക്കാരന്റെ സംഭവം അവലോകനം നടത്തുക. നാം എപ്പോഴെങ്കിലും "കണ്ണ് തുറക്കേണമോ?"
2. അദ്ധ്യായം 14 ലെ കുഞ്ഞാട് ആരാണ്?
3. 144,000 പേർ ആരാണ്?
4. 144,000 പേരുടെ നെറ്റിയിൽ കുഞ്ഞാടിന്റേയും ദൈവത്തിന്റേയും പേരുണ്ട് എന്നതിന്റെ പ്രാധാന്യമെന്ത്?
5. സിനായ് പർവ്വതത്തിന്റെ ചരിത്രം ചുരുക്കുകയും – അതിന്റെ അലങ്കാര പ്രാധാന്യം വ്യക്തമാക്കുകയും ചെയ്യുക.അദ്ധ്യായം 14 ലെ സിയോൻ പർവ്വതം ഭൂഗോളത്തിലോ? അതോ ആത്മിയ ഗോളത്തിലോ?

6. 144,000 പേർ സിയോൻ പർവ്വതത്തിൽ എന്തു ചെയ്യുകയായിരുന്നു? ദൈവത്തെ പാടി സ്തുതിക്കുന്നതിൽ പ്രാധാന്യമുണ്ടോ? ഉണ്ടെങ്കിൽ എന്ത്?
7. അവരുടെ പാട്ട് ഏതർത്ഥത്തിലാണ് "ഒരു *പുതിയ* പാട്ട്" ആകുന്നത്?
8. 144,000 പേർക്കല്ലാതെ മറ്റാർക്കും ആ പാട്ട് പഠിപ്പാൻ കഴിയാഞ്ഞതെന്ത്?
9. വിവാഹം കഴിക്കാത്ത അവസ്ഥ, കഴിച്ച അവസ്ഥയേക്കാൾ കൂടുതൽ വിശുദ്ധമെന്ന് വാക്യം 4 പഠിപ്പിക്കുന്നുണ്ടോ?
10. വാസ്തവത്തിൽ യേശുവിനെ അനുഗമിക്കുക എന്നതിൽ എന്താണ് ഉൾപ്പെടുന്നത്?
11. "ആദ്യഫലം" എന്നതിന്റെ ആദ്യ അർത്ഥമെന്തായിരുന്നു. പിന്നെ എന്തായി?
12. ഏതർത്ഥത്തിലാണ് ഒരു ദൈവമകൻ "കുറ്റമില്ലാത്തവൻ" ആകുന്നത്?
13. വില എന്തായാലും – സത്യസന്ധതയുടെ പ്രാധാന്യം വ്യക്തമാക്കുക.



നിൽക്കുന്ന കുഞ്ഞാടും 144,000 പേരും (14:1)